റുകൾ മുതലായവ മാവേലി സ്റ്റോറുകളിലൂടെ ഇപ്പോൾ വിതരണം ചെയ്യു ന്നുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മിക്കവാറും എല്ലാ അവശ്യസാധന ങ്ങളും നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വരുന്നു. കൂടുതൽ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടു തൽ സാധനങ്ങൾ വിതരണം ചെയ്യാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ

117(858)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന പഞ്ചായത്തുകളിൽകൂടി 2001 മാർച്ച് മാസത്തോടുകൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മാവേലി സ്റ്റോറുകളിലൂടെ കൂടുതൽ അവശ്യസാധനങ്ങൾ വിത രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) മാവേലി സ്റ്റോറിന്റെ നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ ജന കീയ കമ്മിറ്റി രൂപീകരിക്കുമോ?

ഉത്തരം

(എ) മാവേലി സ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രാരംഭഘട്ടമായി മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത 126 പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടി സ്ഥാനത്തിൽ ഒന്നുവീതം തുടങ്ങുവാനുള്ള തീരുമാനത്തിന്റെ അടിസ്ഥാ നത്തിൽ നടപടിയെടുത്തു വരുന്നു.

(ബി) 629 പഞ്ചായത്തുകളിൽ ഇപ്പോൾ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) അവശേഷിക്കുന്ന 361 പഞ്ചായത്തുകളിൽ 12 എണ്ണത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. മറ്റ് 12 പഞ്ചായത്തുകളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്. ബാക്കി യുള്ള 337 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ രണ്ടാംഘട്ട പദ്ധതി യിൽപ്പെടുത്തി പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) മാവേലി സ്റ്റോറുകളിലൂടെ ഇപ്പോൾ തന്നെ എല്ലാ ആവശ്യസാ ധനങ്ങളും വിതരണം നടത്തുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

മൃഗസംരക്ഷണ വകുപ്പ് സബ്സെന്ററുകളിലെ കാഷ്വൽ പി.ടി.എസ്. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

118(859)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്ററുകളിൽ സ്ഥിരം പി.ടി.എസ്. നെ പോലെ തുടർച്ചയായി ജോലി ചെയ്തു വരുന്ന കാഷ്വൽ പി.ടി.എസ്.മാർ എത്രപേരുണ്ട്;

(ബി) ഇവർ എത്രകാലമായി തുടർച്ചയായി ജോലി ചെയ്തുവരുന്നു;

(സി) പ്രസ്തുത കാഷ്വൽ പി.ടി.എസ് മാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരാണ് നിവേദനം നൽകിയത് എന്നും അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ പിരിച്ചുവിടരുതെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(എഫ്) ഇവർക്ക് അറ്റന്റൻസ് നൽകുവാൻ നടപടി കൈക്കൊള്ളുമോ;

(ജി) ഇവരുടെ പ്രതിമാസ വേതനം എത്ര രൂപ ആണ്; ഇത് വർദ്ധിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(എച്ച്) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 52 പേർ

(ബി) തുടർച്ചയായി ആരെയും നിയോഗിക്കാറില്ല.

(സി) ഉണ്ട്.

(ഡി) വ്യക്തിഗത നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ വകുപ്പിൽ നിന്നും ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കുന്ന സീനിയോറിട്ടി ലിസ്റ്റിൽ നിന്നുമാണ് സ്ഥിരം പി.ടി.എസ്.നെ നിയമിക്കുന്നത്. നിവേദനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഇ) ഉത്തരവ് ഇറക്കിയിട്ടില്ല. ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ ഇവരെ പിരിച്ചു വിടരുതെന്ന് ബന്ധപ്പെട്ട ഓഫീസർമാർക്ക് ഒരു സർക്കുലർ മുഖാന്തിരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)സ്ഥിരം പി.ടി.എസ്. ന് മാത്രമേ അറ്റന്റൻസ് നൽകാറുള്ളൂ.

(ജി) ഇവരുടെ പ്രതിമാസ ശമ്പളം 110/- രൂപയിൽ നിന്നും 600/- രൂപയായി 1.11.98 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(എച്ച്)ഇപ്പോൾ അത്തരമൊരു നിർദ്ദേശം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly